## സംസ്ഥാന ജീവനക്കാരുടെ ആനുകൂല്യം

26 [338] ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്ക് സറണ്ടർ ആനുകൂല്യം ഉൾപ്പെടെ ഏതാനും ആനുകൂല്യങ്ങൾ സർക്കാർ പുനഃസ്ഥാപിക്കുകയുണ്ടായോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ പരിമിതപ്പെടുത്തിയ ആനുകൂല്യങ്ങളിൽ ചിലതാണോ പുനഃസ്ഥാപിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ സംസ്ഥാന ജീവനക്കാരുടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് മുമ്പ് വെട്ടിക്കുറച്ചതെന്ന് വിശദമാക്കുമോ;

(ഡി) വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ മുഴുവൻ പുനഃസ്ഥാപിക്കുകയുണ്ടായോ;

(ഇ) ഇല്ലെങ്കിൽ അതും പുനഃസ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇപ്പോൾ പുനഃസ്ഥാപിച്ച സറണ്ടർ ആനുകൂല്യം അനുസരിച്ച് വർഷത്തിൽ 20 ദിവസമാണോ അതോ മുമ്പുണ്ടായിരുന്ന 45 ദിവസമാണോ സറണ്ടർ ചെയ്യാൻ കഴിയുന്നത് എന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) പുനഃസ്ഥാപിച്ചിട്ടുണ്ട്. ലീവ് സറണ്ടർ ആനുകൂല്യം പൂർണ്ണമായും പുനഃസ്ഥാപിക്കുകയും പുതുതായി സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് മുഴുവൻ ശമ്പളവും ഡി.എ., വീടുവാടക അലവൻസ്, മറ്റ് അലവൻസുകൾ എന്നിവ പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ, പെൻഷൻ കമ്മ്യൂട്ടേഷന്റെ പുനഃസ്ഥാപന കാലപരിധി 15 വർഷത്തിൽനിന്നും 12 വർഷമാക്കി കുറയ്ക്കുകയും പെൻഷൻ കമ്മ്യൂട്ടേഷൻ വാല്യൂവിന്റെ ഡിസ്ക്കൗണ്ട് റേറ്റിൽ വരുത്തിയ വർദ്ധനവ് ഭാഗികമായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അതെ.

(സി) ലീവ് സറണ്ടർ ആനുകൂല്യം, പുതുതായി സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവർക്കുള്ള ഡി.എ.-യും, മറ്റ് അലവൻസുകൾ എന്നിവ താൽക്കാലികമായി നിർത്തിവച്ചിരുന്നു. കൂടാതെ പെൻഷൻ കമ്മ്യൂട്ടേഷൻ പുനഃസ്ഥാപന കാലപരിധി വർദ്ധിപ്പിക്കുകയും പെൻഷൻ കമ്മ്യൂട്ടേഷൻ വാല്യൂവിന്റെ ഡിസ്ക്കൗണ്ട് റേറ്റിൽ വർദ്ധനവ് വരുത്തുകയും ചെയ്തിരുന്നു.

(ഡി) മുകളിൽ ഉത്തരം (എ)-യിൽ പരാമർശിച്ചപ്രകാരം പുനഃസ്ഥാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പരിശോധിച്ചുവരുന്നു.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിലവിലുണ്ടായിരുന്ന 20 ദിവസത്തെ ആർജ്ജിത അവധി സറണ്ടർ ചെയ്യാമെന്ന വ്യവസ്ഥ പുനഃസ്ഥാപിച്ചിട്ടുണ്ട്.

## പാലക്കാട്ടെ ഡി.പി.ഇ.പി. സ്കൂളുകൾക്കുള്ള ധനകാര്യാനുമതി

27 [339] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഡി.പി.ഇ.പി. പദ്ധതിയിൽ ആരംഭിച്ച 8 പ്രൈമറി വിദ്യാലയങ്ങൾ സർക്കാർ ഏറ്റെടുത്തത് ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ധനകാര്യ വകുപ്പിൽനിന്ന് അനുമതി ലഭിക്കാത്തതുമൂലം പ്രസ്തുത സ്കൂളുകളിൽ സർക്കാർ അദ്ധ്യാപകരെ നിയമിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വിദ്യാലയങ്ങളിൽ ജോലി ചെയ്യുന്ന ദിവസവേതനക്കാരായ അദ്ധ്യാപകർക്ക് കഴിഞ്ഞ ഒരു വർഷമായി പ്രതിഫലം ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്കൂളുകൾക്ക് ധനകാര്യവകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) പ്രസ്തുത സ്കൂളുകളെ സർക്കാർ ഏറ്റെടുത്തത് ധനകാര്യ വകുപ്പിന്റെ അനുമതിയോടെ അല്ലാത്തതുമൂലം അക്കൗണ്ടന്റ് ജനറൽ, ട്രഷറി ആതറൈസേഷൻ നൽകിയിട്ടില്ല എന്ന വിവരം പൊതു വിദ്യാഭ്യാസ വകുപ്പ് ഇപ്പോൾ ധനവകുപ്പിനെ അറിയിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

## വാണിജ്യ നികുതി വരുമാനവും നികുതി കുടിശ്ശികയും

28 [340] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-04 സാമ്പത്തിക വർഷത്തിൽ വാണിജ്യ നികുതിയിനത്തിൽ എന്ത് തുകയാണ് വരുമാനമായി പ്രതീക്ഷിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly